മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ തസ്തികകൾ

16 (3956) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിൽ നിലവിൽ മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് സാങ്കേതിക ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചതിനുശേഷം മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ ;

(സി) നിലവിലുള്ള മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ പി.എസ്.സി. ലിസ്റ്റിൽനിന്ന് എത്രപേർക്ക് ഇന്നേവരെ നിയമനം നൽകിയിട്ടുണ്ട് ;

(ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവുള്ള ബോർഡുകളിലേക്ക് അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നിയമന ഉത്തരവ് ലഭിച്ചശേഷം ജോലിയിൽ പ്രവേശിക്കാത്ത 60 മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) പുനർവിന്യസിക്കപ്പെട്ടവർ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിച്ചവർക്കും ജലസേചന വകുപ്പിൽനിന്നുതന്നെ ശമ്പളം നൽകുന്നതുമൂലം ഇവർക്കുവേണ്ടി തുല്യമായത്ര തസ്തികകൾ ജലസേചന വകുപ്പിൽ ഒഴിച്ചിടേണ്ടതുണ്ട്. ആയതിനാൽ തദ്ദേശഭരണവകുപ്പിൽ പുനർവിന്യാസിക്കപ്പെട്ടവരുടെ എണ്ണം കണക്കാക്കി അത്രയും തസ്തിക ഒഴിവുള്ളതായി പരിഗണിക്കാൻ കഴിയുകയില്ല.

(സി) നിലവിലുള്ള (ജനറൽ) ലിസ്റ്റിൽ നിന്നും 301 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) ഒഴിവുകൾ ഉണ്ടെന്ന് കണ്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

കാർഷികാവശ്യങ്ങൾക്ക് കുഴൽ കിണറുകളുടെ നിർമ്മാണം

17 (3957) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികാവശ്യങ്ങൾക്ക് കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് ഭൂഗർഭജലവകുപ്പ് കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണ് ;

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഇതിനായി എത്ര കുഴൽ കിണറുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly